"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:-**
1. 05.12.2022 തീയതിയിലെ DT/4036/2022-A9 നമ്പർ ഉത്തരവ്.
2. 30.03.2023 തീയതിയിലെ DT/3338/2023-A9 നമ്പർ ഉത്തരവ്.
3. 30.11.2023 തീയതിയിലെ GO(P) No. 17/2023/P&ARD.
4. കയ്യൂർ ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 11.04.2024 തീയതിയിലെ ITI-KYUR/187/2023-K1 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ:DT/3168/2023-A9 തീയതി: 03-07-2024**

വകുപ്പിന് കീഴിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്.

1. ഐ.ടി.ഐ.കളത്തുപ്പുഴ
2. ഐ.ടി.ഐ പോരുവഴി
3. ഐ.ടി.ഐ (വ) ചെങ്ങന്നൂർ
4. ഐ.ടി.ഐ വയലാർ
5. ഐ.ടി.ഐ (വ) കോഴിക്കോട്
6. ഐ.ടി.ഐ തിരുവമ്പാടി
7. ഐ.ടി.ഐ (വ) മലമ്പുഴ

പരാമർശം(1) പ്രകാരം സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ലിസ്റ്റിൽ, ക്രമ നം.281 ആയ ശ്രീ.സുധാകരൻ.കെ യ്ക്ക്, 10% തസ്തിക മാറ്റം മുഖേനെ, എൽ.ഡി ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിച്ചിരുന്നു. എന്നാൽ , വ്യക്തിപരമായ കാരണങ്ങളാൽ, ടിയാന് എൽ.ഡി ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കാൻ കഴിയില്ലായെന്നും, ആയതിനാൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിക്കുന്നതിനായി പരിഗണിക്കാനും അഭ്യർത്ഥിച്ച കൊണ്ട് പരാമർശം(4) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, പരാമർശം(3) ഉത്തരവ് പ്രകാരം, ഒരു ജീവനക്കാരനു ഒരു തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം/ തസ്തിക മാറ്റ നിയമനം അനുവദിക്കുമ്പോൾ, ആയത്

പരിത്യജിക്കുന്നതിനുള്ള അപേക്ഷ, നിയമന ഉത്തരവ് പുറപ്പെടുവിച്ച തീയതിയിലോ അതിനു ശേഷമോ ആണ് സമർപ്പിക്കുന്നതെങ്കിൽ, അപ്രകാരമുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്നു സർക്കാർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.സുധാകരൻ.കെ യ്ക്ക്, എൽ.ഡി ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിച്ചതിനു ശേഷമാണ്, ആയത് പരിത്യജിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണത്തിനായി കത്ത് നൽകിയിട്ടുണ്ട്.

കൂടാതെ, ശ്രീ.സുധാകരൻ.കെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം പരാമർശം(2) പ്രകാരം ഒരു വർഷത്തേയ്ക്ക് നിരാകരിച്ചിരുന്നു. ടി റിലിൻകിഷ്മെന്റിന്റെ ഒരു വർഷ കാലാവധി 26.03.2024 തീയതിയിൽ അവസാനിച്ചിട്ടുണ്ട്. ആയതിനാൽ, ശ്രീ.സുധാകരൻ.കെ യ്ക്ക് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റത്തിനു നിലവിൽ അർഹതയുണ്ട്. എന്നിരുന്നാലും, ടിയാന് എൽ.ഡി ക്ലാർക്ക് തസ്തികയിൽ അനുവദിച്ച തസ്തിക മാറ്റ നിയമനം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദേശം ലഭ്യമായിട്ടില്ലാത്തതിനാലും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതിലേയ്ക്കും ഐ.ടി.ഐ പോരുവഴിയിലെ ഒഴിവ് ഒഴിച്ചിടുന്നു. ശേഷിക്കുന്ന ഒഴിവുകളിൽ പരാമർശം(1) പ്രകാരമുള്ള സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അർഹരായ ജീവനക്കാർക്ക് KS& SSR ലെ പൊതുചട്ടം 28(b)(ii) പ്രകാരം 26500-60700 രൂപ ശമ്പള നിരക്കിൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര്/തസ്തിക/സ്ഥാപനം | ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | 290 | ശ്രീ.വിശ്വംഭരൻ.വി<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ കൊയിലാണ്ടി<br><br>(PEN : 566043) | ഐ.ടി.ഐ (വ) കോഴിക്കോട് |
| 2. | 291 | ശ്രീ.ആൽബർട്ട് ബൈജു.എസ്.ആർ<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ ധനുവച്ചപുരം<br><br>(PEN : 560725) | ഐ.ടി.ഐ (വ) ചെങ്ങന്നൂർ |
| 3. | 292 | ശ്രീമതി.സുബൈദ.കെ<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ മലമ്പുഴ<br>(PEN : 564657) | ഐ.ടി.ഐ (വ) മലമ്പുഴ |
| | | | |

| | | | |
|---|---|---|---|
| 4. | 293 | ശ്രീ.ഷിബു.റ്റി.സി<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ ഏറ്റുമാനൂർ<br><br>(PEN : 588175) | ഐ.ടി.ഐ വയലാർ |
| 5. | 294 | ശ്രീമതി.അനിത.കെ.എൻ<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ അരീക്കോട്<br><br>(PEN : 607582) | ഐ.ടി.ഐ തിരുവമ്പാടി |
| 6. | 295 | ശ്രീ.എ.ജി.അനിൽകുമാർ<br>സ്റ്റോർ അറ്റൻഡർ,<br>ഐ.ടി.ഐ (വ) കഴക്കൂട്ടം.<br><br>(PEN : 608356) | ഐ.ടി.ഐ.കുളത്തൂപ്പുഴ |

സ്ഥാനക്കയറ്റ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരെ അതാത് സ്ഥപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ജോയിനിംഗ് ടൈം/റ്റി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

2024 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ, മേൽ ജീവനക്കാര്ക്ക് നിയമനം നൽകിയിട്ടുള്ള സ്ഥാപനം പുന:പരിശോധിക്കുന്നതാണ്.

(ഒപ്പ്)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

<u>സ്വീകർത്താവ്:-</u>

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപനമേധാവി മുഖേന)

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**